# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 21.01.2023 മുതൽ 25.01.2023 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 06/2023 | തീയ്യതി: 20/01/2023 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 33.2 – 35.5 | 21.5 – 22.6 | 57.2 – 89.7 | 4.0 – 10.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 21-01-2023 | 22-01-2023 | 23-01-2023 | 24-01-2023 | 25-01-2023 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില, °C | 22 | 22 | 22 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 6 | 6 | 6 | 4 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 290 | 270 | 250 | 250 |
| മേഘ വിന്യാസം, ഒക്ടാ | 5 | 5 | 3 | 6 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **മഴയില്ല**** | | |
| | മഴയില്ല. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും (34°C) രാത്രികളിൽ കുറഞ്ഞ താപനിലയും (23°C) തെളിഞ്ഞ ആകാശവും അനുഭവപ്പെടും. അന്തരീക്ഷ ആർദ്രത 50% നും 76% നും ഇടയിൽ അനുഭവപ്പെടും. | | |
| **പൊതു നിർദ്ദേശങ്ങൾ** | ഇലകരിച്ചിൽ വാട്ടം മുതലായ പൂപ്പൽ രോഗങ്ങൾ അധികരിച്ചേക്കാം. രോഗബാധയുടെ പ്രാരംഭ ദശയിൽ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക .<br>ഈർപ്പ നഷ്ടം കുറക്കാനായ് മണ്ണിനു പുതയിടുക. കീട രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. തനതു വിളകളുടെ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നത് പ്രസ്തുത വിളയെ ബാധിക്കുന്ന കീടരോഗങ്ങളുടെ പ്രജനനം ഒഴിവാക്കാൻ സഹായകരമാകും . മേൽമണ്ണ് ഇളക്കി പൊടിച്ചു നിയതമായി പരത്തിയിടുന്നത് മണ്ണിലെ ഈർപ്പ നഷ്ടംതടയാൻ പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ്. | | |

| | | | |
|---|---|---|---|
| | കീടനാശിനി/ കുമിൾ നാശിനി എന്നിവ രാവിലെയും വൈകുന്നേരവും (കാറ്റും ശക്തമായ വെയിലും ഇല്ലാത്ത നേരം) തളിക്കുക | | |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്  | തെങ്ങിൽ വിളഞ്ഞതും മൂപ്പെത്താറായതുമായ തേങ്ങകൾ ഉണ്ടെങ്കിൽ പറിച്ചെടുക്കുക.<br>രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി മുറിവിൽ ഹെക്സകോണോസോൾ മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനി പുരട്ടുക. ഉണങ്ങിയതിനു ശേഷം ചെത്തിയ ഭാഗത്തു റബ്ബർ കോട്ട് പുരട്ടുക.<br>തടത്തിൽ തെങ്ങൊന്നിന് ഇരുപത്തിയഞ്ചു ലിറ്റർ വെള്ളത്തിൽ അമ്പതു മില്ലി ഹെക്സകോണോസോൾ കലർത്തി തടത്തിൽ കുതിർക്കുക. പൂർണമായി ഭേദമാകുന്നത് വരെ മാസാമാസം ഇത് ആവർത്തിക്കുക.<br>തെങ്ങിൻ തടത്തിൽ കട്ടിയിൽ കുമ്മായം വിതറി മണ്ണുമായി ചേർത്തിളക്കുക. |
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച  | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സെ. മീ. ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (സെന്റിന് ഒന്ന് വീതം) സ്ഥാപിക്കുക. |
| പച്ചക്കറികൾ (പൊതുവായി) | വിവിധ ഘട്ടം | നീരൂറ്റി കുടിക്കുന്ന കീടങ്ങൾ  | വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി പുഷ്പിക്കുന്നതിനു ഒരാഴ്ച മുൻപ് വരെ 7 ദിവസത്തെ ഇടവേളകളിൽ തളിക്കുക. അക്രമം രൂക്ഷമാവുകയാണെങ്കിൽ അക്താർ എന്ന കീടനാശിനി 10 ലിറ്റർ വെള്ളത്തിൽ 3 ഗ്രാം എന്ന തോതിൽ നേർപ്പിച്ച് തളിക്കുക. |
| പാവയ്ക്ക | വിവിധ ഘട്ടം | കായീച്ച  | ഫിറമോൺ കെണി 15സെന്റിന് 1വീതം തൂക്കിയിടുക.<br>OR<br>10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി 40$m^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക . |
| വെള്ളരി വർഗ വിളകൾ | വിവിധ ഘട്ടം | വെള്ളരി വർഗ്ഗവിളകളിൽ വൈറസ് രോഗം  | രോഗം വന്ന ചെടികൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക.<br>രോഗം പരത്തുന്ന കീടങ്ങളെ നശിപ്പിക്കാനായി ഡൈഫെൻതയുറോൺ 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിലും തണ്ടിലും തളിക്കുക. |

| | | | |
|---|---|---|---|
| ചീര | വിവിധ ഘട്ടം | ഇലകരിച്ചിൽ  | ജലസേചനം നടത്തുമ്പോൾ വെള്ളം ഇലകളുടെ മുകളിൽ വീഴാതെ തടത്തിൽ ഒഴിച്ച് കൊടുക്കുക. കരിച്ചിൽരൂക്ഷമായാൽചാണകത്തെളി (1കി.ഗ്രാം.ചാണകം 10 ലി. വെള്ളത്തിൽ കലക്കി അരിച്ചു തെളി എടുക്കുക) തളിച്ച് കൊടുക്കുക .കൂടാതെ 2% വീര്യത്തിൽ സ്യുഡോമോണാസ് /ട്രൈക്കോഡെർമ മണ്ണിൽ ഒഴിച്ച് കൊടുക്കുക. |
| മത്തൻ | കായിക വളർച്ചാ ഘട്ടം | മത്തൻ വണ്ട്  | മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക.<br><br>മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |
| വഴുതന | വിവിധഘട്ടം | എപിലാക് ന വണ്ട്  | എപിലാക്ന വണ്ട് വണ്ടിന്റെ എല്ലാ വളർച്ചാഘട്ടങ്ങളും നശിപ്പിച്ചു കളയുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം 20 മിലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. വേപ്പെണ്ണ കുരു സത്ത് 5 ശതമാനം വീര്യത്തിൽ കലക്കി ഒഴിക്കുക |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| താക്കീത് (ഉടൻ നടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾ ആവശ്യമില്ല) |
|---|---|---|---|

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി